# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 870** — **06-02-2023 - ൽ മറുപടിയ്ക്ക്**

## കല്ലേപ്പുള്ളി കെൽപാം റൈസ് മിൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ സി ആർ മഹേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |
| (എ) | 2021 ഫെബ്രുവരി 13-ാം തീയതി ഉദ്ഘാടനം കഴിഞ്ഞ പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമ പഞ്ചായത്തിലെ കല്ലേപ്പുള്ളിയിൽ സ്ഥിതി ചെയ്യുന്ന കെൽപാം റൈസ് മിൽ ഇപ്പോൾ പൂട്ടിക്കിടക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ നിർമ്മിക്കാനും ടേൺ കീ അടിസ്ഥാനത്തിൽ ഉപയോഗിക്കാവുന്ന വിധത്തിൽ M/s കെൽപാമിന് (KELPALM) കൈമാറുന്നതിന് കരാർ അടിസ്ഥാനത്തിൽ നിർമ്മാണം ഏറ്റെടുത്തത് M/s കെൽ (KEL) എന്ന പൊതുമേഖലാ സ്ഥാപനം ആയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശം 85 ശതമാനം പൂർത്തിയാവുകയും ചെയ്തു. എന്നാൽ നിർമ്മാണം പൂർത്തിയാക്കുന്നതിനും കമ്മീഷനിങ് പ്രവർത്തങ്ങൾക്ക് വേണ്ടി ഇനിയും 160 ലക്ഷം രൂപയുടെ ആവശ്യമുണ്ട് എന്ന് M/s കെൽ അറിയിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഈ പദ്ധതിയ്ക്കായി ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതിയ്ക്കായി പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേവരെ 5,82,46,401/- രൂപ (അഞ്ച് കോടി എൺപത്തിരണ്ട് ലക്ഷത്തി നാല്പത്താറായിരത്തി നാനൂറ്റി ഒന്ന് രൂപ മാത്രം) കെൽപാമിന് അനുവദിച്ച നൽകിയിട്ടുണ്ട് . |
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സ്ഥിരം/ താൽക്കാലിക നിയമനം നൽകിയെന്ന് വിശദമാക്കാമോ; | (സി) | കെൽപാം റൈസ് മില്ലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിയമനം ഒന്നും നടത്തിയിട്ടില്ല. |
| (ഡി) | മില്ലിൽ സ്ഥാപിച്ചിട്ടുള്ള യന്ത്ര സാമഗ്രികളുടെ വാറന്റി കാലാവധി കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വാറന്റി കാലാവധി കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ